**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 592** **05-10-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ്കാലത്ത് വ്യാപാരിസൗഹൃദനയത്തിന്റെ ആവശ്യകത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ്കാലത്ത് ധാരാളം വ്യാപാരസ്ഥാപനങ്ങൾ പൂട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | കോവിഡ് കാരണം സംസ്ഥാനത്തെ സൂക്ഷ്മ - ചെറുകിട - ഇടത്തരം സംരംഭങ്ങൾക്ക് പ്രതിസന്ധി നേരിട്ടുന്നതായും ഈ മേഖലയിൽ ഉൽപ്പാദനത്തിലുള്ള കുറവ്, അസംസ്കൃത വസ്തുക്കളുടെ നഷ്ടം, ബാങ്ക് ലോണിലും മറ്റ് നിയമപരമായ തിരിച്ചടവുകളിലുമുള്ള പ്രതിസന്ധി എന്നിവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇത്തരം താൽക്കാലിക പ്രതിസന്ധി കാരണം പ്രസ്തുത മേഖലയിൽ വലിയതോതിൽ സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| (ബി) | ഹോട്ടലുകൾക്ക് പാർസൽ മാത്രം എന്ന സാഹചര്യത്തിൽ പിടിച്ചുനിൽക്കാൻ കഴിയാത്ത അവസ്ഥയെ ഏതുരീതിയിലാണ് പരിഹരിക്കാൻ സർക്കാർ ശ്രമിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) | 25/09/2021 ലെ സർക്കാർ ഉത്തരവ് നം.659/2021/ഡി.എം.ഡി പ്രകാരം കോവിഡ് നിയന്ത്രണങ്ങളിൽ ഇളവ് വരുത്തുകയും ഈ പ്രശ്നം പരിഹരിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. |
| (സി) | വ്യാപാരിസൗഹൃദനയം സ്വീകരിക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ നിലപാട് വിശദമാക്കാമോ? | (സി) | സംസ്ഥാനത്ത് വ്യാപാരി സൗഹൃദം പ്രോത്സാഹിപ്പിക്കുന്നതിനും സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളെ ആഗോള വിപണിയിൽ പരിചയപ്പെടുത്തി വിപണന സാധ്യത പ്രോത്സാഹിപ്പിക്കുന്നതിനുമായി വാണിജ്യ മിഷൻ രൂപീകരിച്ചിട്ടുണ്ട്. വ്യാപാരികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവരുടെ ആവശ്യകത മനസിലാക്കുന്നതിനും വ്യാപാര മേഖലയിലെ അന്തരീക്ഷം സുഗമമാക്കുന്നതിനും സൗഹൃദപരമായ ഇടപാടുകൾ നടത്തുന്നതിനുമായി പുനസംഘടിപ്പിച്ച വാണിജ്യ മിഷനിൽ വ്യാപാരി വ്യവസായ സമിതി പ്രസിഡന്റിനേയും വ്യാപാരി വ്യവസായ ഏകോപന സമിതി പ്രസിഡന്റിനേയും ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ